**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **13-12-2022 - ൽ മറുപടിയ്ക്ക്**

**പെട്രോൾ, ഡീസൽ വില വർദ്ധന - നികുതി ഇനത്തിൽ ലഭിക്കുന്ന അധിക വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ 2016 മെയ് മാസം മുതൽ ലഭിച്ച അധിക വരുമാനം എത്ര ; വിശദ വിവരം ലഭ്യമാക്കാമോ; | (എ) | പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ 2016 മുതൽ 2022 നവംബർ 30 വരെ ലഭിച്ച അധിക വരുമാനം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പെട്രോൾ, ഡീസൽ ഉല്പന്നങ്ങളുടെ വില വർദ്ധനവിലൂടെ ജനങ്ങൾക്ക് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി.<br><br>നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. തുടർന്ന് 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |
| (സി) | പെട്രോൾ ഡീസൽ വില വർദ്ധനവ് മൂലമുണ്ടാക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അധിക നികുതി വരുമാനം ഒഴിവാക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (സി) | പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി.<br><br>നിലവിൽ പെട്രോളിനും ഡീസലിനും 1963-ലെ സംസ്ഥാന പൊതുവിൽപന നികുതി നിയമപ്രകാരമാണ് നികുതി ഈടാക്കുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. തുടർന്ന് 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പെട്രോൾ, ഡീസൽ നികുതി വർദ്ധിപ്പിച്ചിട്ടില്ല.<br><br>കേന്ദ്ര സർക്കാരിന്റെ എക്സൈസ് തീരുവയും സെസ്സും വരുത്തിയ നികുതി വർദ്ധനവ് മൂലമുള്ള വിലക്കയറ്റം അതിജീവിക്കുവാൻ സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതികളിൽ മാത്രം കുറവ് വരുത്തുന്നത് ഉചിതമല്ല. നികുതിനിരക്ക് കുറച്ചാൽ വികസനക്ഷേമ പ്രവർത്തനങ്ങൾ തുടരുന്നതിന് വൻപ്രതിസന്ധി സൃഷ്ടിക്കും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ നികുതി ഇനത്തിൽ 2016 മുതൽ 2022 നവംബർ 30 വരെ ലഭിച്ച അധിക വരുമാനം**

| സാമ്പത്തിക വർഷം | ഡീസൽ (കോടിയിൽ) | പെട്രോൾ (കോടിയിൽ) |
|---|---|---|
| 2016-17 | 436.77 | 262.89 |
| 2017-18 | 146.85 | 107.59 |
| 2018-19 | 212.23 | 70.50 |
| 2019-20 | ഇല്ല | ഇല്ല |
| 2020-21 | 481.6 | 469.85 |
| 2021-22 | 339.97 | 555.8 |
| 2022-23 (നവംബർ വരെ) | ഇല്ല | ഇല്ല |

സെക്ഷൻ ഓഫീസർ